ആർ. എൽ. ഇ. ജി. പി. പ്രകാരം നടത്തിയ പ്രവൃത്തികൾ

299 [617] ശ്രീ. എ. കെ .പത്മനാഭൻ
,, ഇ. പത്മനാഭൻ
,, കെ. മൂന്നക്കുട്ടി
,, ടി. കെ. അറുമുഖൻ
,, ജി. വരദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സാമൂഹ്യവികസന വകുപ്പുമന്ത്രി സദയംമറുപടി നൽകുമോ:

(എ) 1984-85 വർഷത്തിൽ ആർ. എൽ. ഇ. ജി. പി. പ്രകാരം എന്തൊക്കെ പ്രവൃത്തികൾ നടത്തിയിട്ടുണ്ട്;

(ബി) ഇതിനുവേണ്ടി മൊത്തം ചെലവഴിച്ച തുക എത്ര;

(സി) നടപ്പിലാക്കിയ സ്കീമുകളുടെ വിശദാംശങ്ങൾ ജില്ലതിരിച്ചു വ്യക്തമാക്കുമോ?

ഉത്തരം

(എ) 1985 മാർച്ച് 31വരെ, 6030 ഗ്രാമീണ റോഡുകൾ, പട്ടികജാതി പട്ടികവർഗ്ഗക്കാർക്കുള്ള 8000 വീടുകൾ എന്നിവയ്ക്കും പാലക്കാട് ജില്ലയിൽ ജലസേചന തോടുകളുടെ പുനരുദ്ധാരണത്തിനും അനുമതി നൽകിയിരുന്നു. ഇതിൽ 518 റോഡുകളുടെയും 7587 വീടുകളുടെയും പണി ആരംഭിച്ചു. 13 റോഡുകളുടെയും 975 വീടുകളുടെയും പണി പൂർത്തിയായി.

(ബി) 1712.47 ലക്ഷം രൂപ.

(സി) അനുബന്ധമായി നൽകിയിരിക്കുന്നു.*

ബാലുശ്ശേരിയിലെ പഴ സംസ്കരണ കേന്ദ്രം

300 [618] ശ്രീ. എ. സി. ഷൺമുഖദാസ് താഴെ കാണുന്ന ചോദ്യങ്ങൾക്ക് സാമൂഹ്യവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരിയിൽ പ്രവർത്തിക്കുന്ന പഴ സംസ്കരണ കേന്ദ്രത്തിന്വേണ്ടി എത്ര രൂപയാണ് ഈ വർഷം ചിലവഴിക്കാൻ നീക്കിവച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ കേന്ദ്രത്തിൽ ഇതുവരെയായി എത്ര പേർക്ക് പരിശീലനം നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ബാലുശ്ശേരിയിലെ ക്ഷീരസംസ്കരണ പോഷകാഹാര കേന്ദ്രത്തിന് ആവശ്യമായ തുക ബഡ്ജറിൽ ഉൾപ്പെടുത്തുവാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) 78.

* അനുബന്ധം IV.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം IV

[നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 617 കാണുക]

ജില്ല	അനുമതി നൽകിയവ		പൂർത്തിയായവ		ചെലവ്
	റോഡ്	വീട്	റോഡ്	വീട്	ലക്ഷംരൂപയിൽ
തിരുവനന്തപുരം	31	1000	..	24	117.82
കൊല്ലം	20	1000	..	119	128.55
പത്തനംതിട്ട	70	500	1	110	128.02
ആലപ്പുഴ	32	500	..	78	121.05
കോട്ടയം	49	400	..	...	128.01
ഇടുക്കി	43	500	..	..	84.53
എറണാകുളം	31	1000	..	81	167.44
തൃശൂർ	63	1000	5	454	189.27
പാലക്കാട്	20	500	..	..	99.11
മലപ്പുറം	57	500	2	14	145.62
കോഴിക്കോട്	64	360	..	...	113.94
വയനാട്	30	500	1	74	146.54
കണ്ണൂർ	53	150	3	21	109.22
കാസർകോട്	17	90	1	...	82.18
ആകെ	580	8000	13	975	1712.47

LIBRARY ARCHIVES Kerala Legislative Assembly